# കേരള സർവകലാശാല

## ബിരുദാനന്തര ബിരുദ പ്രവേശനം 2026 - 27

### സപ്ലിമെന്ററി/ കമ്മ്യൂണിറ്റിക്വാട്ട അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും,ഓപ്ഷൻ നല്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും അവസരം.

# നിർദ്ദേശങ്ങൾ

- കേരളസർവകലാശാലയോട്അഫിലിയേറ്റഡ്ചെയ്തിട്ടുള്ളകോളേജുകളിലേക്കുള്ള ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കുംപുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

- നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം, തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

- ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്.

- നിലവിൽ അഡ്മിഷനിൽതുടരുന്നവിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

- മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർ, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർ, നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികൾ, കോളേജ് പ്രവേശനം നേടി ഏതെങ്കിലുംകാരണത്താൽഅഡ്മിഷൻനഷ്ടമായവിദ്യാർത്ഥികൾഎന്നിവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ്

എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം "edit profile" ലിങ്കുവഴി പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികളുടെ പഴയ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല.

- നിലവിൽ അലോട്ട്മെന്റുകൾഒന്നുംലഭിക്കാത്തവിദ്യാർത്ഥികൾ പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

- സപ്ലിമെന്ററി അലോട്ട്മെന്റിലൂടെ പുതിയ സീറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. യാതൊരു കാരണവശാലും അവർക്ക് മുൻപ് ലഭിച്ച സീറ്റിൽ തുടരാൻ സാധിക്കുന്നതല്ല. അതിനാൽ, സപ്ലിമെന്ററി അലോട്ട്മെന്റിനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ ആവശ്യമുള്ള ഓപ്ഷനുകൾ മാത്രം ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർവകലാശാലയിൽ അപേക്ഷ നല്കിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

- ഇതര സർവകലാശാലകളിൽനിന്ന് ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

- തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

- രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

# എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് ഓപ്ഷ്ൻസ് നൽകുന്നതിന് അവസരം.

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആൻഡ് സയൻസ് എയ്ഡഡ് (Aided) കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിൽപ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ **പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ളകമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് വഴി 27.07.2026 വരെ മുൻഗണനാക്രമത്തിൽ ഓപ്ഷനുകൾ നൽകാവുന്നതാണ്.**

- നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തവരും അഡ്മിഷൻ എടുത്ത ശേഷം കോളേജിൽ നിന്നും ടിസി വാങ്ങിയവരും, പല ഘട്ടങ്ങളിൽ അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്തായവരും ഉൾപ്പെടെ **എല്ലാവരും പുതുതായി കമ്മ്യൂണിറ്റി ക്വാട്ട ഓപ്ഷൻസ് നൽകിയാൽ മാത്രമേ കമ്മ്യൂണിറ്റി ക്വാട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കുകയുള്ളൂ.**

**വെബ്സൈറ്റ്:** *https://admissions.keralauniversity.ac.in/pg2026*
**ഹെൽപ്പ്ലൈൻ നമ്പർ:** *8281883052*

20/07/2026 **രജിസ്ട്രാർ**